പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## പ്രധാനമന്ത്രി ഗ്രാമ സഡക് യോജന

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5548 27-03-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എ. എൻ. ഷംസീർ**<br>**ശ്രീ. കെ.വി.അബ്ദുൾ ഖാദർ**<br>**ശ്രീ. എ. പ്രദീപ്കുമാർ**<br>**ശ്രീ. എം. നൗഷാദ്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പ്രകാരം 2017-18 സാമ്പത്തിക വർഷം ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്: | (എ) | പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതിയിൽ 2017-18 സാമ്പത്തിക വർഷം പൂർത്തീകരിച്ച റോഡുകളുടെ പേര് അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം റോഡുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും ഇതിനുള്ള മുൻഗണനാ പട്ടിക തയ്യാറാക്കുന്നത് ആരാണെന്നും വ്യക്തമാക്കാമോ: | (ബി) | എല്ലാ ഗ്രാമീണ മേഖലയിലുമുള്ള ജനവാസ മേഖലകളേയും എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ റോഡുകൾ ഉപയോഗിച്ച് തമ്മിൽ ബന്ധിപ്പിക്കുന്നതാണ്. പി.എം.ജി.എസ്.വൈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം ഇതിനായി സമതല പ്രദേശങ്ങളിൽ ജനസംഖ്യ 500+ഉം കുന്നിൻപ്രദേശങ്ങളിലും മരുഭൂമികളിലും ജനസംഖ്യ 250+ഉം ആണ്. ഈ പദ്ധതി പ്രകാരം കണക്കെടുക്കുന്നത്. സ്കൂളുകൾ, ആശുപത്രികൾ, ഓഫീസുകൾ, പൊതു മാർക്കറ്റുകൾ, പോസ്റ്റോഫീസ്, ബാങ്ക്, പെട്രോൾപമ്പ് റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡ്, ആശുപത്രികൾ, മൃഗാശുപത്രികൾ, ജനസംഖ്യ എന്നീ സൗകര്യങ്ങളുമായി ബന്ധിപ്പിക്കുന്നതും 6 മീറ്ററിൽ കൂടുതൽ വീതി ഉള്ളതും (ഓട, സൈഡ് കെട്ട് എന്നിവ ആവശ്യമെങ്കിൽ അവ നിർമ്മിക്കുവാനുള്ള വീതി കൂടി ലഭ്യമാക്കി) 2 കിലോമീറ്ററിൽ കൂടുതൽ നീളമുള്ളതുമായ റോഡുകൾക്കാണ് പി.എം.ജി.എസ്.വൈ പദ്ധതി മുൻഗണന നൽകുന്നത്. ജില്ലാ പഞ്ചായത്തിന്റെയും ഗ്രാമ പഞ്ചായത്തി |

| | | | |
|---|---|---|---|
| | | | റ്റെയും ആസ്തിയിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ ബന്ധപ്പെട്ട പാർലമെന്റ് അംഗത്തിന്റെ ശുപാർശ പ്രകാരവും ഗ്രാമ/ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടിയുമാണ് ഉൾപ്പെടുത്തുന്നത്. എല്ലാ ജില്ലകളിലേയും പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റാണ് ഇതിനുള്ള മുൻഗണനാ പട്ടിക തയ്യാറാക്കുന്നത്. |
| (സി) | ഈ സാമ്പത്തിക വർഷം പദ്ധതിയ്ക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ വകയിരുത്തിയിട്ടുളള തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) | ഈ സാമ്പത്തിക വർഷം പി.എം.ജി.എസ്.വൈ പദ്ധതി വിഹിതമായി 172 കോടി രൂപ കേന്ദ്ര സർക്കാരും 100 കോടി രൂപ സംസ്ഥാന സർക്കാരും വകയിരുത്തിയിട്ടുണ്ട്. കൂടാതെ അധിക സംസ്ഥാന വിഹിതമായി 104 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയിൽ കൂടുതൽ ഗ്രാമ പ്രദേശങ്ങളെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | കേരളത്തിലെ ഗ്രാമ പ്രദേശങ്ങളിൽ കൂടുതൽ റോഡുകൾ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

| ജില്ല | റോഡിന്റെ പേര് |
|---|---|
| ആലപ്പുഴ | തോട്ടപ്പള്ളി -വടക്ക് കസ്തൂർബ |
| | പച്ചക്കാട് പനയിൽ |
| | പവ്വർ ഹൗസ് - ഹസ്കപുരം |
| എറണാകുളം | നെല്ലൂരുപാറ കൈപ്പാഞ്ചാൽ റോഡ് |
| | തൂങ്ങാലി – ചൂരമുടി മീമ്പാറ ചെട്ടിനട ശ്രീദേവിക്ഷേത്രം റോഡ്. |
| ഇടുക്കി | വെള്ളയാംകുടി കൊങ്ങിണിപ്പടവ് റോഡ് |
| | ഒട്ടാത്ത് എൻ ആർ സിറ്റി റോഡ് |
| | മാനച്ചാൽ തേക്കനാനിരപ്പ് റോഡ് |
| | വി സി വളവ് വെണ്ണിയാനി റോഡ് |
| | ശാന്തൻപാറ പോത്തൊട്ടി റോഡ് |
| കണ്ണൂർ | കല്ലുവളപ്പ് പാത്തിക്കൽ റോഡ് |
| | ചെറുപുഴ പാമ്പൻകല്ല് തുണ്ടിയിൽ മുളപ്ര റോഡ് |
| കാസർഗോഡ് | ബങ്കളം പുതിയകണ്ടം റോഡ് |
| കൊല്ലം | നാൽക്കവല- മീയ്യണ്ണൂർ- കോളമത്ത് റോഡ് |
| | മുള്ളമ്പാറ-കുടവട്ടൂർ റോഡ് |
| | കടുവാപ്പാറ അഞ്ചനാംകുഴി റോഡ് |
| കോഴിക്കോട് | വില്ലാപ്പള്ളി അകമേരി റോഡ് |
| | ഒളയിൻമൽ ചീനിക്കുഴി റോഡ് |
| മലപ്പുറം | ചെങ്ങരംകുളം - വെസ്റ്റ് പള്ളിക്കര റോഡ് |
| പാലക്കാട് | മല്ലംപതി കിണർപള്ളം |
| | അണ്ടാത്തു കോളനി അണ്ടാത്തു തളിക്കുത്ത് |
| | കല്ലിയംപാറ പുങ്കുംതറ |
| | ചൂരക്കോട് മനക്കൽപടി |
| | കണിമംഗലം കോഴിക്കാട് |
| | പാലൂർ ഗോട്ടിയാർകണ്ടി |
| | ചിറ്റൂർ കുറുവൻപാടി |
| പത്തനംതിട്ട | തണ്ണിത്തോട് - വടക്കേക്കര റോഡ് |
| | ഇരുപതേക്കർ - മട്ടമൺ റോഡ് |
| | ചിത്ര ജംഗ്ഷൻ - അമ്പലത്തിനാൽപിറ റോഡ് |
| | ചിറ്റാനിമുക്ക് - മണ്ണടി റോഡ് |
| തിരുവനന്തപുരം | അയിലം - താഴമൺതോട്ടം |
| | ഇറയൻകോട് - താന്നിമൂട് |
| | വലിയകട്ടയ്ക്കാൽ - പാറയ്ക്കൽ |
| | മൂങ്ങോട് - കാട്ടുചിറ |
| | വ്ളാവെട്ടി - കരണ്ടകംചിറ |
| | മരിയാപുരം - കോടങ്കര |
| | കവലയൂർ - കൊടിതൂക്കിയകുന്ന് |
| | ചിറ്റൂർക്കോണം - ചെക്കാലമുക്ക് |
| വയനാട് | തരുവണ നടക്കൽ റോഡ് |
| | ഒണ്ടയങ്ങാടി മൊട്ട |

സെക്ഷൻ ഓഫീസർ